**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3288** **26-06-2024 - ൽ മറുപടിയ്ക്ക്**

**സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്ഥല സൗകര്യങ്ങൾ കുറവുള്ള പൊതുവിദ്യാലയങ്ങൾക്ക് സ്ഥല വിസ്തൃതി വർദ്ധിപ്പിക്കുന്നതിന് പ്രത്യേക പദ്ധതികളുണ്ടോയെന്ന് അറിയിക്കുമോ; | (എ) | പദ്ധതി നിലവിലുണ്ട്. |
| (ബി) | പുതിയ കെട്ടിടങ്ങളിൽ ഫർണ്ണീച്ചറുകൾ ലഭ്യമാക്കുന്നതിന് പ്രത്യേക പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | കണ്ടിൻജൻസി അസിസ്റ്റൻസ് ഫോർ സസ്റ്റൈനൻസ് ഓഫ് സ്കൂൾസ് ഫെസിലിറ്റീസ് എന്ന പദ്ധതിയിൽ സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങുന്നതിനുള്ള തുക അനുവദിക്കുന്നുണ്ട്. |
| (സി) | വിദ്യാലയങ്ങളിൽ ലാബ് സൗകര്യങ്ങളുടെ ലഭ്യത സംബന്ധിച്ച് വിശകലനങ്ങൾ നടത്തിയിട്ടുണ്ടോ; 2021 മുതൽ നവീകരിക്കുകയും പുതുതായി നിർമ്മിക്കുകയും ചെയ്ത ലാബുകളുടെ വിശദാംശം ലഭ്യമാക്കാമോ; | (സി) | ഹയർ സെക്കന്ററി വിദ്യാലയങ്ങളിൽ ലാബ് സൗകര്യങ്ങളുടെ ലഭ്യത സംബന്ധിച്ച് വിശകലനങ്ങൾ നടത്തിയിട്ടുണ്ട്.<br><br>2020-21 സാമ്പത്തിക വർഷം സംസ്ഥാനത്തെ 50 എണ്ണം ഹയർ സെക്കന്ററി വിദ്യാലയങ്ങളിലെ സയൻസ് ലാബുകൾ നവീകരിച്ചു. കൂടാതെ 2022-23 ൽ 60 സയൻസ് ലാബുകൾ നവീകരിക്കാനും 2023-24 ൽ 8 സയൻസ് ലാബുകൾ നവീകരിക്കാനും ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ഡി) | സ്കൂളിന്റെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുമ്പോൾ കളിസ്ഥലങ്ങൾ ചുരുങ്ങി പോകുന്നതായ അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്വന്തമായി സ്ഥലമില്ലാത്തതും സ്ഥല പരിമിതിയാൽ ബുദ്ധിമുട്ടുന്നതുമായ സ്കൂളുകൾക്ക് സ്ഥലം വാങ്ങുന്നതിന് പദ്ധതി നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ